# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1968 – 22.03.2012 – ലെ മറുപടിക്ക്**

സ്വയം സംരംഭക മിഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എളമരം കരീം**<br>**ശ്രീമതി. കെ.കെ. ലതിക**<br>**ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**<br>**ശ്രീ. എസ്. രാജേന്ദ്രൻ** | | **ശ്രീ. കെ.എം. മാണി**<br>**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി** |
| (എ) | കേരള സംസ്ഥാന സ്വയം സംരംഭക മിഷൻ വഴി 5 വർഷം കൊണ്ട് 5 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് 2011–ലെ ബഡ്ജറ്റിൽ പ്രഖ്യാപി ച്ചിട്ടു ണ്ടാ യിരുന്നുവോ; | പതിനായിരത്തോളം ചെറുകിട വ്യവസായ സംരംഭങ്ങൾ രൂപീകരിക്കുന്നതുവഴി അൻപതിനായിരം സംരംഭകർക്കും കൂടാതെ ഒരു സംരംഭത്തിൽ കുറഞ്ഞത് അഞ്ചു പേർക്കെങ്കിലും ജോലി ലഭിക്കും എന്ന കണക്കിൽ 50,000 ജോലിക്കാർക്കും ഉൾപ്പെടെ ഒരു ലക്ഷം പേർക്ക് തൊഴിൽ ലഭിക്കുന്ന കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ എന്ന ഒരു പദ്ധതി 2011–12–ലെ കേരള ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതി പ്രകാരം അഞ്ച് വർഷം കൊണ്ട് ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | ഇപ്രകാരം തന്നാണ്ടിൽ എത്ര പേർക്ക് തൊഴിൽ നൽകേണ്ടതുണ്ട്; | |
| (സി) | എത്ര സംരംഭങ്ങളിലൂടെയാണ് പുതുതായി തൊഴിൽ നൽകിയത്; | ഈ പദ്ധതിയിലൂടെ തിരഞ്ഞെടുക്കപ്പെട്ട ആദ്യ ബാച്ചിന്റെ പരിശീലനം ഇപ്പോൾ പുരോഗമി ക്കുകയാണ്. പരിശീലനശേഷം ഇവർക്ക് പലിശ രഹിതവായ്പ ലഭ്യമാക്കും. ഇവർ ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിക്കുന്നതി ലൂടെയാണ് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. ആയതിനാൽ, ഈ പദ്ധതി പ്രകാരം ഇതുവരെ ആർക്കും തൊഴിൽ നൽകിയിട്ടില്ല. |

| | | |
|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിക്ക് പലിശരഹിത വായ്പ നൽകുന്നതിനായി സർക്കാരിന് ഇതിനകം എന്തു തുക ചെലവായിട്ടുണ്ട്; | ഈ പദ്ധതി പ്രകാരം നൽകുന്ന വായ്പയുടെ പലിശ സബ്സിഡി നൽകുന്നതിനായി 9,89,12,500/- രൂപ സർക്കാർ 23.11.2011-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.565/2011/ധന. പ്രകാരം ഈ പദ്ധതിയുടെ നോഡൽ ഏജൻസിയായ കെ.എഫ്.സിക്ക് നൽകിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതി പ്രകാരം കെ.എഫ്.സി. എത്ര സംരംഭങ്ങൾക്ക് എത്ര കോടി രൂപ പലിശരഹിത വായ്പ നൽകുകയുണ്ടായി? | ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ആദ്യ ബാച്ചിന്റെ പരിശീലനം പൂർത്തിയാകാത്തതിനാൽ ഈ പദ്ധതി പ്രകാരം ഇതുവരെ ആർക്കും പലിശരഹിത വായ്പ നൽകിയിട്ടില്ല. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് പലിശ രഹിത വായ്പ ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ